**അനുബന്ധം V**

## ഭിന്നശേഷി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഇളവുകളും സ്കോളർഷിപ്പും അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

1. പരീക്ഷകൾക്ക് നിയമാനുസൃതമായി മണിക്കൂറിന് 20 മിനിറ്റ് വീതം സമയവും സൗകര്യങ്ങളും ലഭ്യമാക്കണം.
2. പഠന പഠനേതര പ്രവർത്തനങ്ങൾക്ക് അർഹമായ പരിഗണനയും അവസരവും നൽകേണ്ടതാണ്.
3. ഭിന്നശേഷി വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക പരാതി സെൽ കാര്യക്ഷമമാക്കുകയും പ്രസ്തുത സെല്ലിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ യഥാസമയം അറിയിക്കേണ്ടതുമാണ്.
4. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ബിരുദ/ബിരുദാനന്തര ബിരുദം പ്രോഗ്രാമുകളുടെ പ്രവേശനത്തിന് സംവരണ തത്വങ്ങൾ പാലിച്ച് അവർക്ക് വേണ്ട മുൻഗണനയും പരിഗണനയും നൽകേണ്ടതാണ്.
5. ഭിന്നശേഷി വിദ്യാർത്ഥികൾ ലൈബ്രറിയിൽ നിന്ന് എടുത്ത പുസ്തകം തിരിച്ചുകൊടുക്കുന്നതിന് 5 ദിവസത്തെ സാവകാശം അനുവദിക്കേണ്ടതാണ്.
6. സർവ്വകലാശാലയുടെ എല്ലാ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷത്തിലധിഷ്ഠിതമായിരിക്കേണ്ടതാണ്.
7. സർവ്വകലാശാലയിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക പ്രതിമാസം 500/- രൂപ നിരക്കിൽ നൽകുന്നത് 2020 മുതൽ പ്രാബല്യത്തിലാകുന്നതാണ്.
8. സർവകലാശാലയിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അവർക്ക് അനുവദിക്കുന്ന കാലം മുതൽ റഗുലർ പ്രോഗ്രാം കാലാവധി പൂർത്തീകരിക്കുന്നതുവരെ അനുവദിക്കുക.
9. സ്കോളർഷിപ്പ് തുക 1 വർഷത്തിൽ 5,000/- രൂപ ഒരു വിദ്യാർത്ഥിക്ക് രണ്ട് സെമസ്റ്ററുകളിലായി വീതിച്ചു കൊടുക്കുന്ന രീതിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ടതാണ്.
10. ഭിന്നശേഷി സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ ഓരോ സെമസ്റ്ററിലേയും ഹാജർ നില, പ്രോഗ്രസ് റിപ്പോർട്ട് എന്നിവ വകുപ്പ് മേധാവികൾ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന മുറയ്ക്ക് അതത് സെമസ്റ്ററിലെ സ്കോളർഷിപ്പ് തുക നൽകേണ്ടതാണ്.
11. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പരാതികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട കമ്മിറ്റിയെ ( സ്റ്റുഡൻസ് ഗ്രീവൻസ് സെൽ) അറിയിക്കേണ്ടതാണ്.
12. 40% ന് മുകളിൽ വൈകല്യമുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ഉയർന്ന പ്രായപരിധി 5 വർഷത്തെ ഇളവ് നൽകണം.
13. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സർവകലാശാല പ്രവേശന പരീക്ഷക്ക്/അഭിമുഖത്തിനുള്ള യോഗ്യത പരീക്ഷയിൽ 10% മാർക്ക് ഇളവ് അനുവദിക്കണം.
14. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരീക്ഷാ സംബന്ധമായ ഹാജർ നിലയിൽ 25 % ഇളവ് അനുവദിക്കണം.
15. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഒരു പ്രോഗ്രാമിലെ ഭാഷ/വിഷയത്തിൽ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
16. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഫാഷൻ ടെക്നോളജി/പെർഫോർമൻസ്/ആർട്സ്/മ്യൂസിക്/സ്കൾപ്ച്ചർ/ ഹോട്ടൽമാനേജ്മെന്റ്/ഐ.ടി./ബിസിനസ് അഡ്മിനിസ്ട്രേഷൻ/ലാംഗ്വേജ് എന്നീ വിഷയങ്ങളിലെ പ്രോഗ്രാമുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം.
17. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ചെയർ/വിഭാഗം രൂപീകരിക്കേണ്ടതാണ്.
18. ഭിന്നശേഷി വിദ്യാർത്ഥികൾക്കുവേണ്ടി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും അതിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥി പ്രതിനിധി ഉണ്ടായിരിക്കണം.
19. സർവകലാശാല കൗൺസിലുകളിൽ ഭിന്നശേഷി പ്രാതിനിധ്യം ഉണ്ടായിരിക്കണം.

20. ഇന്റേണൽ കമ്മിറ്റിയ്ക്ക് പുറമേ ഗ്രീവൻസ് റീഡ്രസ്സൽ ഓഫീസർ ഉണ്ടായിരിക്കേണ്ടതും പ്രസ്തുത ഓഫീസർ ഭിന്നശേഷി വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കണ്ടെത്തേണ്ടതുമാണ്. ഓഫീസറുടെ പേരുവിവരങ്ങൾ, ഫോൺ നമ്പർ, മെയിൽ ഐഡി എന്നിവ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കൈമാറേണ്ടതുമാണ്.
21. സ്പെഷൽ സ്കീം/െവലപ്മെന്റൽ പ്രോഗ്രാം/ട്രെയിനിംഗ് പ്രോഗ്രാമുകൾ/ആർട്സ് &സ്പോർട്സ് ഫെസ്റ്റിവൽ എന്നിവ ഭിന്നശേഷി വിഭാഗക്കാർക്ക് മാത്രമായി നടത്തേണ്ടതാണ്.
22. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള എല്ലാ സ്കോളർഷിപ്പുകളെ സംബന്ധിച്ചും വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്. ഇതിനായി സ്റ്റുഡന്റ് വെൽഫെയർ ഓഫീസറെ ചുമതലപ്പെടുത്തണം. പ്രസ്തുത ഓഫീസർ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ജോലി സംബന്ധമായ അവസരങ്ങൾക്കുള്ള ക്യാമ്പസ് സെലക്ഷന് വേണ്ട സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.
23. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഭിന്നശേഷി സൗഹൃദ കെട്ടിടങ്ങൾ, താമസ സൗകര്യം, യാത്രാ സൗകര്യം എന്നിവ ഒരുക്കേണ്ടതാണ്.
24. രണ്ട്, മൂന്ന് വർഷത്തിനിടയിലും ഭിന്നശേഷി വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തേണ്ടതാണ്.
25. റിസോഴ്സ് സെന്ററുകൾ/എംപ്ലോയ്മെന്റ് ഗൈഡ് ലൈൻ സെന്ററുകൾ/ഭാഷാ വിദഗ്ധർ/ബ്രെയ്ലി വിദഗ്ധർ/സ്പെഷ്യലി ട്രെയിന്റ് ടീച്ചർ എന്നിവർ ഭിന്നശേഷി വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി ഉണ്ടായിരിക്കേണ്ടതാണ്.

**പരീക്ഷാ സംബന്ധമായ ആനുകൂല്യങ്ങൾ**

1. ആനുകൂല്യത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് (അംഗീകരിച്ച മെഡിക്കൽ ഡിസെബിലിറ്റി ബോർഡ്, മെഡിക്കൽ അറ്റന്റഡ് സാക്ഷ്യപ്പെടുത്തിയത്) മാനദണ്ഡമാക്കണം.
2. തിയറി/പ്രാക്ടിക്കൽ പരീക്ഷകൾക്കായി ഓരോ മണിക്കൂറിലും 20 മിനുട്ടിൽ കുറയാത്ത കോമ്പൻ സേറ്ററി സമയം അനുവദിക്കണം.
3. സ്ക്രൈബ്/ഇന്റർപ്രിറ്റർ/റീഡർ/ലാബ് അസിസ്റ്റന്റ് ആനുകൂല്യം ആവശ്യമുള്ളവർക്ക് മേലധികാരികളുടെ അംഗീകാരത്തോടെ അനുവദിക്കാവുന്നതാണ്.
4. സ്ക്രൈബിന്റെ യോഗ്യത നിശ്ചിത പരീക്ഷായോഗ്യതയേക്കാൾ കുറവായിരിക്കണം.
5. പരീക്ഷയ്ക്ക് ഹാജരാകുന്ന ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികളുടെ സാഹചര്യം പരിഗണിച്ച്, പരീക്ഷാ കൺട്രോളർക്ക് വിദ്യാർത്ഥിയുടെ ആവശ്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണ്.
6. ഭിന്നശേഷി വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിനായി അപ്ലിക്കേഷൻ ഫോം/ഉത്തരക്കടലാസ് എന്നിവ പ്രത്യേക കോഡിൽ മാർക്ക് ചെയ്യണം.
7. തിയറി/പ്രാക്ടിക്കൽ/വൈവ എന്നീ വിഷയങ്ങളിൽ തോറ്റ വിദ്യാർത്ഥികൾക്ക് ജയിക്കുന്നതിനുവേണ്ടി ആകെ ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് കൊടുക്കണം. സെമസ്റ്റർ സമ്പ്രദായത്തിൽ ഓരോ സെമസ്റ്ററിന്റേയും ആകെ മാർക്കിന്റെ കൂടെയാണ് 25% ഗ്രേസ് മാർക്ക് നൽകുന്നത്. റാങ്ക് പട്ടിക തയ്യാറാക്കുന്നതിൽ ഇത്തരത്തിലുള്ള മാർക്ക് സ്വികരിക്കേണ്ടതില്ല.